# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.729 28.09.2011 ൽ മറുപടിയ്ക്ക്

## മുല്ലപ്പെരിയാർ അണക്കെട്ട് ഡീകമ്മീഷനിംഗ്

**ചോദ്യം**

ശ്രീ. വർക്കല കഹാർ
" കെ. ശിവദാസൻ നായർ
" റ്റി.എൻ. പ്രതാപൻ

**ഉത്തരം**

ശ്രീ.പി.ജെ.ജോസഫ്
(ബഹു.ജലവിഭവ മന്ത്രി)

| | |
|---|---|
| (എ) മുല്ലപ്പെരിയാർ അണക്കെട്ട് ഡീകമ്മീഷനിംഗ് പരിശോധന ആരംഭിച്ചുവോ; | (എ) മുല്ലപ്പെരിയാർ ഡാം പൊളിച്ചു മാറ്റുന്നതിനും പഴയ ഡാമിൽ നിന്ന് പുതിയ ഡാമിലേക്ക് വെള്ളം ഒഴുക്കിവിടുന്നതിനുമുള്ള മെതഡോളജി രൂപീകരിക്കുന്നതു സംബന്ധിച്ചുള്ള പ്രാഥമിക പരിശോധനയാണ് നടത്തിയത്. |
| (ബി) ഏത് ഏജൻസിയെയാണ് പരിശോധനയ്ക്കായി നിയോഗിച്ചിരിക്കുന്നത്; | (ബി) പ്രത്യേക ഏജൻസിയെ നിയോഗിച്ചിട്ടില്ല. വകുപ്പുതല പരിശോധനയാണ് നടന്നത്. |
| (സി) പരിശോധനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ; | (സി) മുല്ലപ്പെരിയാർ ഡാം പൊളിച്ചു മാറ്റുന്നതിനും പഴയ ഡാമിൽ നിന്ന് പുതിയ ഡാമിലേക്ക് വെളള് ഒഴുക്കിവിടുന്നതിനുള്ള മെതഡോളജി രൂപീകരിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് പരിശോധന നടന്നത്. |
| (ഡി) ഏതൊക്കെ സ്ഥലങ്ങളാണ് പരിശോധനയ്ക്കായി തെരഞ്ഞെടുത്തിരിക്കുന്നത്; | (ഡി) മെയിൻ ഡാം, ബേബി ഡാം, സ്പിൽവേ മറ്റ് സമീപ പ്രദേശങ്ങൾ എന്നിവിടങ്ങളിലാണ് പരിശോധന നടത്തിയത്. |

| | |
|---|---|
| (ഇ) ഈ പരിശോധന സംഘത്തെ തമിഴ്നാട് തടഞ്ഞുവോ; എങ്കിൽ കാരണം വ്യക്തമാക്കുമോ: | (ഇ) അതെ. പരിശോധന നടത്തുവാൻ വേണ്ട മുൻകൂർ അനുമതി തേടിയില്ല എന്ന കാരണം പറഞ്ഞാണ് തമിഴ്നാട് പരിശോധന തടഞ്ഞത്. |
| (എഫ്) പരിശോധന പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ? | (എഫ്) തമിഴ്നാടിന്റെ എതിർപ്പ് അവഗണിച്ച് വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തി. |

സെക്ഷൻ ഓഫീസർ